അദ്ധ്യാപകരുടെ അക്കാഡമിക് യോഗ്യതക്കുറവും ദേശീയ കലകളെ പരിപോഷിപ്പിക്കുന്നില്ല എന്നതും ചൂണ്ടിക്കാണിച്ച് യു.ജി.സി. ഈ നിർദ്ദേശം നിരാകരിച്ചു. അതേസമയം ഇവിടെ പഠിച്ചവർ ശാന്തിനികേതൻ പോലുള്ള സ്ഥാപനങ്ങളിൽ അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്നുമുണ്ട്. ഒരു സർവ്വകലാശാലയായി ഉയർത്താനുള്ള ഭൗതിക സാഹചര്യങ്ങളും കലാമണ്ഡലത്തിൽ ഏറെക്കുറെ നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മഹാകവി വള്ളത്തോൾ സ്ഥാപിച്ച കേരള കലാമണ്ഡലം കേന്ദ്രമാക്കി ഒരു സാംസ്ക്കാരിക സർവ്വകലാശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യമായിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുവരുന്നു.

(6) സബ് ഇൻസ്പെക്ടർ എ. ആർ. സന്തോഷ്കുമാറിന്റെ ദുരൂഹമരണം

ശ്രീ. സ്റ്റീഫൻ ജോർജ്: കാസർഗോഡ് വെള്ളരിക്കുണ്ട് സബ് ഇൻസ്പെക്ടറായിരുന്ന എ. ആർ. സന്തോഷ്കുമാർ എന്റെ നിയോജകമണ്ഡലത്തിലെ പെരുവാ സ്വദേശിയായിരുന്നു. അദ്ദേഹം സബ് ഇൻസ്പെക്ടറായി ചാർജെടുത്തതിന്റെ പിറ്റേദിവസം ജനുവരി 4-ാം തീയതി രാവിലെ 12 മണിയോടുകൂടി സ്റ്റേഷന്റെ സമീപത്തുള്ള കാറളം റോഡ് സൈഡിൽ വെടിയേറ്റ് മരിച്ച നിലയിൽ കാണപ്പെട്ടു. ഞാൻ അദ്ദേഹത്തിന്റെ വീട് സന്ദർശിച്ച് ബന്ധുമിത്രാദികളുമായി സംസാരിച്ചു. കഴിഞ്ഞ ആറ് വർഷമായി അദ്ദേഹം കോൺസ്റ്റബിളായി ജോലി ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു സബ് ഇൻസ്പെക്ടറാവുക എന്നുള്ളത്. ടെസ്റ്റെഴുതി അദ്ദേഹം യോഗ്യനായി സബ് ഇൻസ്പെക്ടറായി ട്രെയിനിംഗ് കഴിഞ്ഞ് ചാർജെടുത്തതാണ്. ചാർജെടുത്തതിന്റെ പിറ്റേ ദിവസം ആത്മഹത്യ ചെയ്തു എന്നു പറഞ്ഞാൽ അതിന് ഒരു സാഹചര്യവുമില്ല. അദ്ദേഹം ആത്മഹത്യ ചെയ്തു എന്നാണ് പോലീസിന്റെ നിഗമനം. ഒരു സാഹചര്യത്തിലും ആ സബ് ഇൻസ്പെക്ടർ ആത്മഹത്യ ചെയ്യേണ്ട കാര്യമില്ല. രാത്രി 10 മണിക്ക് അദ്ദേഹം വാറന്റ് പ്രതിയെ പിടിക്കുന്നതിന് സർവ്വീസ് റിവോൾവറുമായി പുറത്തുപോയി, തിരകൾ കൊണ്ടു പോയിരുന്നില്ല. രണ്ട് മണിക്കൂർ കഴിഞ്ഞതിനുശേഷം, വെടിയേറ്റ് കാണപ്പെട്ടതിനു ശേഷം ധൃതി പിടിച്ച് അന്ന് സർവ്വീസിലുണ്ടായിരുന്ന ഹെഡ് കോൺസ്റ്റബിൾ ശ്രീ. വിജയകുമാർ 5 തിരകൾ സബ് ഇൻസ്പെക്ടർ കൊണ്ടുപോയി എന്ന് രജിസ്റ്ററിൽ എഴുതിച്ചേർത്തു. ആ ഹെഡ് കോൺസ്റ്റബിളിനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അത് തെറ്റായിരുന്നു എന്ന് തെളിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ഇത് പ്രത്യേകമായ ദുരൂഹ സാഹചര്യമാണ്. ഒരിക്കലും ഇത് ആത്മഹത്യയല്ല; കൊലപാതകമാണെന്ന് സംശയിക്കപ്പെടുന്നു. അതുകൊണ്ട് സത്യം പുറത്തുകൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ കേസ് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്നുണ്ടെങ്കിലും സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനൊരു കാരണമുണ്ട്, 1982-ലാണെന്ന് തോന്നുന്നു, താനൂർ സ്റ്റേഷൻ ഇൻസ്പെക്ടറായിരുന്ന സോമൻ ഇതുപോലൊരു അനുഭവമുണ്ടായി. സോമൻ ആത്മഹത്യ ചെയ്തതല്ല. കേസ് സി.ബി.ഐ.-ക്ക് വിട്ടതിനുശേഷം സി.ബി.ഐ. പഠിച്ച് പോളിഗ്രാഫ് ടെസ്റ്റ് നടത്തി സഹപ്രവർത്തകന്മാർ കൊല ചെയ്തതാണെന്ന് തെളിയിക്കുകയുണ്ടായി. അതിന് സമാനമായ ഒരു കേസാണിത്. ഞങ്ങളുടെ നാട്ടിൽ ഒരു ആക്ഷൻ കൗൺസിലൊക്കെ രൂപീകരിച്ച് ഇതൊരു വലിയ ഇഷ്യൂ ആയി മാറ്റിയിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഈ വിഷയം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഒരു സബ് ഇൻസ്പെക്ടർ മരിച്ചാൽ ഔദ്യോഗിക ബഹുമതികളോടുകൂടി വേണം അടക്കം ചെയ്യാൻ. പക്ഷേ ഒരു ബഹുമതിയും ഇല്ലാതെയാണ് ഈ സബ് ഇൻസ്പെക്ടറെ അടക്കം ചെയ്തത്. ആളുകൾ വലിയ പ്രതിഷേധം ഉയർത്തി, എന്താണ് കാരണമെന്ന് അന്വേഷിച്ചപ്പോൾ പോലീസ് പറയുന്നത് ആത്മഹത്യയാണെന്നാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് പോലീസ് അങ്ങനെയൊരു നിഗമനത്തിൽ എത്തിച്ചേർന്നത് തെറ്റായിപ്പോയി. അതുകൊണ്ട് അതിനെക്കുറിച്ച് കൂടി അന്വേഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിടണം. ഇതിന്റെ നിജസ്ഥിതി പുറത്തുകൊണ്ടുവരാൻ തയ്യാറാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഈ ദാരുണ സംഭവമുണ്ടായത് ഹോസ്ദുർഗ്ഗിൽ വച്ചായതുകൊണ്ട് ശ്രീ. എം. കുമാരനും ഇതുസംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): കാസർഗോഡ് വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ കോട്ടയം പെരുവാ സ്വദേശി എ. കെ. സന്തോഷ്കുമാർ വെടിയേറ്റ് മരിച്ച നിലയിൽ 2005 ജനുവരി 4-ാം തീയതി രാത്രിയിൽ കാണപ്പെട്ടു. ഇക്കാര്യത്തിൽ വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. കാഞ്ഞങ്ങാട് സബ് ഡിവിഷണൽ മജിസ്ട്രേട്ട് മഹസർ തയ്യാറാക്കിയ ശേഷം മൃതശരീരം പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടം പരിശോധന നടത്തി. തുടർന്ന് കേസന്വേഷണ ചുമതല ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്. മൃതദേഹത്തിന് സമീപത്ത് നിന്നും കണ്ടെടുത്ത റിവോൾവറും വലതുകയ്യിൽനിന്നും എടുത്ത ഹാൻഡ് സ്വാബും മറ്റും ശാസ്ത്രീയവും, വിശദവുമായ പരിശോധനയ്ക്കായി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേക്ക് അയച്ചിട്ടുണ്ട്. പരിശോധനാഫലം ലഭിച്ചു കഴിഞ്ഞാൽ മാത്രമേ സന്തോഷ്കുമാറിന്റെ മരണത്തെപ്പറ്റി വ്യക്തമായ വിവരങ്ങൾ ലഭ്യമാകൂ. ക്രൈംബ്രാഞ്ച് വിശദമായ അന്വേഷണം നടത്തിവരുന്നുണ്ട്. ബഹുമതികൾ ഇല്ലാതെയാണ് ശവസംസ്ക്കാരം നടത്തിയതെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. അതിന്റെ സാഹചര്യമെന്താണ് എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്. ഇക്കാര്യത്തിൽ ഏറ്റവും ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട്. ഇത് സംബന്ധിച്ച് യാതൊരു ആശങ്കയുമില്ല.

(സബ്മിഷൻ തുടരും)

LIBRARY ARCHIVES Kerala Legislative Assembly